(ബി) ഈ നാല് സ്ഥാപനങ്ങളിലും കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ എസ്.സി.പി. ടി.എസ്.പി. ഫണ്ടുകൾ എത്രയായിരുന്നു ; അതിൽ എത്ര രൂപയാണ് ഓരോ വർഷവും ചെലവഴിച്ചത് ;

(സി) ഈ നാല് സ്ഥാപനങ്ങളും കഴിഞ്ഞ മൂന്ന് വർഷമായി എസ്.സി.പി., ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ എതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഫണ്ട് വിനിയോഗം ഫലപ്രദമായിരുന്നോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഇൻഫർമേഷൻ കേരള മിഷൻ

243 (3221) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷനിലെ (ഐ.കെ.എം.) ജീവനക്കാരുടെ സർവ്വീസ് റൂൾസ്, സ്റ്റാഫ് ഘടന, ശമ്പള പരിഷ്കരണം തുടങ്ങിയവ നടപ്പിലാക്കുന്നതിനായി കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് നിയമിച്ചത് ;

(ബി) കമ്മിറ്റി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത് ; റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ ;

(സി) റിപ്പോർട്ട് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) റിപ്പോർട്ട് സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 4-12-2013-ലെ സ.ഉ.(സാധാ) നമ്പർ 2971/2013/തസ്വഭവ ഉത്തരവ് പ്രകാരമാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. 30-9-2014-ലാണ് പ്രസ്തുത കമ്മിറ്റി സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. സർക്കാർ ടി. റിപ്പോർട്ട് പരിശോധിച്ച വരികയാണ്. ആയതിന്റെ അംഗീകാരത്തിനു ശേഷം മാത്രമേ ടി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായും ജീവനക്കാരുമായും കമ്മിറ്റി പലവട്ടം ചർച്ച ചെയ്ത ശേഷമാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ഇക്കാര്യം ഉദിക്കുന്നില്ല.

(ഡി) ഇത് സംബന്ധിച്ച് വകുപ്പുതല പരിശോധന നടത്തിവരികയാണ്.

തദ്ദേശസ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഒഴിവുകൾ

244 (3223) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഓവർസിയർ എന്നിവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഒഴിവുകൾ നിലവിലുള്ളതെന്ന് വിശദമാക്കാമോ ; ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം ' എ' ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.* മേൽ ഒഴിവുകൾ എല്ലാംതന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

245 (3224) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് എല്ലാവർഷവും ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ നിർവ്വഹിക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly